വാർഷിക പദ്ധതികൾക്ക് അംഗീകാരം

കോഴിക്കോട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2026–27 വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അഡ്ഹോക് കമ്മിറ്റി അംഗീകാരം നൽകി. വാർഷിക പദ്ധതി സമർപ്പിച്ച 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 23 എണ്ണത്തിന്റെ പദ്ധതികൾക്കാണ് ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ അംഗീകാരം നൽകിയത്.

അങ്കണവാടികൾക്ക് കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചറുകൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയൊരുക്കാൻ പദ്ധതികൾ ഏറ്റെടുക്കണമെന്ന് തദ്ദേശ സ്ഥാപനങ്ങളോട് യോഗത്തിൽ അധ്യക്ഷയായ ജില്ല പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ കൊട്ടാരത്തിൽ ആവശ്യപ്പെട്ടു.

സ്കൂളുകളിൽ കുടിവെള്ള സംവിധാനവും റാമ്പ് സൗകര്യവും ശൗചാലയവും ഒരുക്കാനും ക്ഷയരോഗികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്താനും തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുക്കണമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് നിർദേശിച്ചു. യോഗത്തിൽ ജില്ലാ പ്ലാനിങ് ഓഫീസർ പി ആർ രത്നേഷ്, ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

● ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിങ് സംസാരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റ് അവതരണം ആരംഭിച്ചിരിക്കുകയാണ്. ഇന്ന് കോഴിക്കോട് കോർപ്പറേഷന്റെ ബജറ്റ് അവതരണം നടക്കും. രാവിലെ പത്തിന് കൗൺസിൽ ഹാളിൽ കോഴിക്കോട് മുനിസിപ്പൽ കോർപറേഷന്റെ 2025–26 വർഷത്തെ പുതുക്കിയ ബജറ്റും 2026–27 വർഷത്തെ മതിപ്പ് ബജറ്റുമാണ് ഡെപ്യൂട്ടി മേയർ ഡോ.ജയശ്രീ അവതരിപ്പിക്കുക. ജില്ലാ പഞ്ചായത്തിന്റെ ബജറ്റ് അവതരണം അടുത്ത ദിവസം നടക്കും.

ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് അവതരിപ്പിച്ചാണ് പുതിയ പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായുള്ള അംഗീകാരമാണ് ജില്ലാ ആസൂത്രണ സമിതി അഡ്ഹോക് കമ്മിറ്റി 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നത്.

നാളെ വൈദ്യുതി മുടങ്ങും

കോഴിക്കോട്: രാവിലെ 9.00 മുതൽ 03.00 വരെ കുന്ദമംഗലം സെക്ഷൻ: തോട്ടുംപുറം, പത്താംമൈൽ, പന്തീർപാടം, പണ്ടാരംപറമ്പ് എന്നീ ട്രാൻസ്ഫോർമർ പരിധിയിലും, അരീക്കുഴി, കണ്ണങ്കുഴി എന്നീ ഭാഗങ്ങളിലും.

രാവിലെ 07:00 മുതൽ 04:00 വരെ മുക്കം സെക്ഷൻ: പുൽപറമ്പ്, പറമ്പാട്ടുമ്മൽ, ചേന്നമംഗലൂർ ഭാഗങ്ങളിലും നാളെ വൈദ്യുതി മുടങ്ങും.

കൊടുവള്ളി നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്തു

താമരശേരി: കൊടുവള്ളി നിയോജക മണ്ഡലത്തിലെ നവീകരണം പൂർത്തീകരിച്ച താമരശ്ശേരി പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ്, പടനിലം–നരിക്കുനി റോഡ്, താമരശ്ശേരി –പള്ളിപ്പുറം റോഡ് പ്രവൃത്തി എന്നിവയുടെ ഉദ്ഘാടനം പൊതുമരാമത്ത്–ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഓൺലൈനായി നിർവഹിച്ചു.

ഡോ. എം.കെ. മുനീർ എം.എൽ.എ അധ്യക്ഷനായി. ഒരു കോടി രൂപ ചെലവിട്ട് നവീകരിച്ച റസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ രണ്ട് നിലകളിലുമുള്ള മുഴുവൻ മുറികളും ശുചിമുറികളും ആധുനിക നിലവാരത്തിൽ പുതുക്കിപ്പണിതിട്ടുണ്ട്.

പ്രധാന പ്രവേശന കവാടം, റിസപ്ഷൻ, കോൺഫറൻസ് ഹാൾ എന്നിവയും നവീകരിച്ചു. മുറ്റത്ത് ഇൻറർലോക്ക് പാകിയതിനൊപ്പം 31 ലക്ഷം രൂപ ചെലവിട്ട് വൈദ്യുതി–ഇലക്ട്രോണിക് സംവിധാനങ്ങളും പുതിയ ഫർണിച്ചറുകളും സജ്ജീകരിച്ചിട്ടുണ്ട്.

പടനിലം ദേശീയപാതയിൽനിന്ന് സംസ്ഥാന പാതയിലേക്ക് ചേരുന്ന പടനിലം നരിക്കുനി റോഡിന്റെ ചക്കാലക്കൽ മുതൽ നരിക്കുനി വരെ നാല് കിലോമീറ്റർ ദൂരത്തിൽ 1.82 കോടി രൂപ ചെലവഴിച്ചാണ് ബി.സി നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കിയത്. റോഡ് മാർക്കിങ്, മുന്നറിയിപ്പ് ബോർഡുകൾ, റിഫ്ലക്റ്റീവ് സ്റ്റഡുകൾ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. 2025ലെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച താമരശ്ശേരി പള്ളിപ്പുറം റോഡ് രണ്ട് കിലോമീറ്റർ ദൂരത്തിൽ 5.5 മീറ്റർ വീതിയിൽ ബി.എം ആൻഡ് ബി.സി നിലവാരത്തിലാണ് നവീകരിക്കുക. മൂന്ന് കലുങ്കുകളുടെ നിർമ്മാണം, ഡ്രൈനേജുകൾ, റോഡിന്റെ ഇരുവശങ്ങളിലും ഹാർഡ് ഷോൾഡർ, സംരക്ഷണഭിത്തി എന്നിവയും റോഡ് സുരക്ഷാ നടപടികളും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

● നവീകരിച്ച താമരശ്ശേരി പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ്.

താമരശ്ശേരി പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ റസീന സിയാലി, സി.പി. ലൈല, സഫിയ മുഹമ്മദ് എന്നിവർ വിശിഷ്ടാതിഥികളായി. മുൻ എം.എൽ.എ വി.എം. ഉമ്മർ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റുമാരായ ഗിരീഷ് കുമാർ, നവാസ്, ജൗഹർ പൂമംഗലം, സ്ഥിരം സമിതി അംഗങ്ങളായ സോഷ്മ സുർജിത്, നസീറ ശരീഫ്, ഷെർലി പയ്യടി, പി.പി. ഗഫൂർ, ഹഫ്സത്ത് സുബി, സഫീന ബഷീർ, വി.ആർ. കാവ്യ, ദിലീപ് പുളക്കോട്, വാർഡ് അംഗങ്ങളായ ഖദീജ സത്താർ, ഹബീബ് റഹ്മാൻ, രഞ്ജിന, സ്വാലിഹ് ഇബ്രാഹിം, എ.പി. നാസർ, എം.പി. മുഹമ്മദ് സാദിഖ്, എ.കെ. കൗസർ, എ. അരവിന്ദൻ, വി.കെ. അഷ്റഫ്, ജോൺസൺ ചക്കാട്ടിൽ, കണ്ടിയിൽ മുഹമ്മദ്, പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എൻജിനീയർ എൻ. ശ്രീജയൻ, അസി. എൻജിനീയർ എൽ.വി. ആരിഷ് തുടങ്ങിയവർ സംസാരിച്ചു.

പി ഡബ്ല്യൂ.ഡി റോഡ് സബ് ഡിവിഷൻ എൻജിനീയർ പി.പി. അബ്ദുൽ സത്താർ, ബിൽഡിങ് സബ് ഡിവിഷൻ എൻജിനീയർ ഹുബൈബ് എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.

● കോഴിക്കോട് മെഡിക്കൽ കോളജ് പ്രിൻസിപ്പലിനെ ബി.ജെ.പി. പ്രവർത്തകർ ഉപരോധിക്കാനെത്തിയപ്പോൾ.

മെഡിക്കൽ കോളജ് പ്രിൻസിപ്പലിനെ ഉപരോധിച്ചു

കോഴിക്കോട്: ഡോക്ടർമാരുടെ സമരത്തിൽ ചികിൽസ ലഭിക്കാതെ രോഗികൾ വലയുകയും ശസ്ത്രക്രിയകൾ പോലും മുടങ്ങി രോഗികളെ ഡിസ്ചാർജ് ചെയ്ത് വിടുകയും ചെയ്യുന്നതിൽ പ്രതിഷേധിച്ച് ബി.ജെ.പി സിറ്റി ജില്ല പ്രസിഡന്റ് അഡ്വ: കെ.പി. പ്രകാശ്ബാബുവിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളജ് പ്രിൻസിപ്പലിനെ ഉപരോധിച്ചു.

ഉപരോധ സമരത്തിൽ ജില്ല ജനറൽ സിക്രട്ടറി എം സുരേഷ്, കെ.സി. വൽസരാജ്, എം. ജഗന്നാഥൻ, ബിജിത്ത് ചേരോട്ട്, പ്രവീൺ തളിയിൽ, എം.വി ജിത്ത്, സുജീഷ് പുതുക്കുടി, രജീഷ്, ബബ് ലു, ഗണേശൻ, അനിൽ കുമാർ എന്നിവർ പങ്കെടുത്തു. പ്രവർത്തകരെ മെഡിക്കൽകോളജ് പോലീസ് അറസ്റ്റ് ചെയ്ത് നീക്കി.

നിക്ഷയ് മിത്ര സർട്ടിഫിക്കറ്റ് സമ്മാനിച്ചു

കോഴിക്കോട്: ക്ഷയരോഗ നിർമാർജന യജ്ഞത്തിന്റെ ഭാഗമായി ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകുന്നവർക്ക് നൽകുന്ന നിക്ഷയ് മിത്ര സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.കെ. രാജാറാം ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്ങിന് സമ്മാനിച്ചു.

ഇതോടനുബന്ധിച്ച് നടന്ന ജില്ലാ ടി.ബി നിർമാർജന ബോർഡ് യോഗത്തിൽ ജില്ലാ ടി.ബി ഓഫീസർ ഡോ. ടി. എൽ. ദിൽമോൻ, കുറ്റ്യാടി താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. കെ വി സ്വപ്ന, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർ പി.വി. ജസീർ, ഐ.എം.എ പ്രസിഡന്റ് ഡോ. കെ.സന്ധ്യ കുറുപ്പ്, ടി.ബി കേന്ദ്രം കൺസൽട്ടന്റ് ഡോ. രജ ശ്രീധരൻ, ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബി.ജെ. സോണി, എൻ.എച്ച്.എം കൺസൽട്ടന്റ് സി. ദിവ്യ, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ടി.അസീസ്, ഉദയം സ്പെഷ്യൽ ഓഫീസർ ഡോ. ജി.രാഗേഷ്, ആയുഷ് വകുപ്പ് മെഡിക്കൽ ഓഫീസർ ഡോ. അനിൽകുമാർ, ദിശ പ്രോഗ്രാം മാനേജർ പ്രിൻസ് എം. ജോർജ്, ടി.ബി. കേന്ദ്രം കോഓഡിനേറ്റർ പി.കെ. മുഹമ്മദ് ശിഹാബ് എന്നിവർ പങ്കെടുത്തു. ക്ഷയരോഗികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് വ്യക്തികളുടെയും സംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പിന്തുണയോടെ നടപ്പാക്കുന്ന പദ്ധതിയാണ് നിക്ഷയ് മിത്ര.

മത്സ്യഭവൻ പ്രവൃത്തി ഉദ്ഘാടനം ഇന്ന്

കോഴിക്കോട്: കേരള ഫിഷറീസ് വകുപ്പിന്റെ കോഴിക്കോട് വെള്ളയിൽ മത്സ്യഭവൻ നിർമിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി ഉദ്ഘാടനം ഇന്ന് വൈകീട്ട് നാലിന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിക്കും. വെസ്റ്റ്ഹിൽ ഫിഷറീസ് കോംപ്ലക്സിൽ നടക്കുന്ന ചടങ്ങിൽ തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ അധ്യക്ഷനാകും.

ജലവിതരണം മുടങ്ങും

കോഴിക്കോട്: കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി കൊടുവള്ളി സെക്ഷൻ പരിധിയിലെ താമരശ്ശേരി കയ്യേലിക്കൽ പമ്പ്ഹൗസിൽനിന്ന് താമരശ്ശേരി ടൗൺ, ചുങ്കം ഭാഗങ്ങളിലേക്ക് ജലവിതരണം നടത്തിവരുന്ന പൈപ്പ് ലൈനിൽ പ്രവൃത്തി നടക്കുന്നതിനാൽ പ്രവൃത്തി പൂർത്തിയാകുന്നത് വരെ ജലവിതരണം മുടങ്ങുമെന്ന് അസി. എഞ്ചിനീയർ അറിയിച്ചു.

വാക്സിനേഷൻ കാമ്പയിൻ ജില്ലാതല ഉദ്ഘാടനം ഇന്ന്

കോഴിക്കോട്: ഗർഭാശയഗള കാൻസറിനെതിരായ വാക്സിൻ ദേശീയ പ്രതിരോധ കുത്തിവെപ്പ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മുന്നോടിയായി നടക്കുന്ന എച്ച്.പി.വി വാക്സിനേഷൻ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് കോഴിക്കോട് ഗവ. ജനറൽ ആശുപത്രിയിൽ നടക്കും. ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. കെ.കെ. രാജാറാം ഉദ്ഘാടനം നിർവഹിക്കും.

ഫെബ്രുവരി 28ന് രാജ്യവ്യാപകമായി ആരംഭിക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായി 14 വയസ്സുള്ള എല്ലാ പെൺകുട്ടികൾക്കും മൂന്നു മാസത്തിനകം ഒറ്റ ഡോസ് വാക്സിൻ നൽകാനാണ് കേന്ദ്ര ആരോഗ്യ–കുടുംബക്ഷേമ മന്ത്രാലയം നിർദേശിച്ചിട്ടുള്ളത്. ഇതിലൂടെ പെൺകുട്ടികളെയും സ്ത്രീകളെയും ഗർഭാശയഗള കാൻസറിൽനിന്ന് സംരക്ഷിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മണ്ണിൽ വിരിയുന്ന മനുഷ്യത്വം; ഭൂമി ദാനം ചെയ്ത മനോജിന് അഭിനന്ദന പ്രവാഹം

■ കരുണൻ വൈകുണ്ഠം

ബാലുശ്ശേരി

വാക്കുകളിലല്ല, പ്രവൃത്തിയിലാണ് മനുഷ്യത്വമെന്ന് ജീവിതംകൊണ്ട് തെളിയിക്കുകയാണ് മനോജ് കുന്നോത്ത്. സഹായം തേടിയെത്തുന്നവർക്ക് കൈത്താങ്ങും വേദനയിലാഴ്ന്നവർക്ക് സാന്ത്വനവുമായി ബാലുശ്ശേരിയുടെ മണ്ണിൽ അദ്ദേഹം നിറഞ്ഞുനിൽക്കുന്നു. ഇപ്പോൾ സ്വന്തം സമ്പാദ്യത്തിൽ നിന്നുള്ള മൂന്ന് സെന്റ് ഭൂമി പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വിട്ടുനൽകിക്കൊണ്ട് നാടിന് മാതൃകയാവുകയാണ്.

ലോകം മുഴുവൻ കോവിഡ് ഭീതിയിൽ വീടുകൾക്കുള്ളിൽ ഒതുങ്ങിയപ്പോൾ, സ്വന്തം ജീവൻ പണയപ്പെടുത്തി തെരുവിലിറങ്ങിയവരിൽ ഒരാളായിരുന്നു മനോജ്. മനുഷ്യർ പുറത്തിറങ്ങാൻ മടിച്ചുനിന്ന ആ ദുരിത കാലത്ത്, ഓരോ വീടുകളിലേക്കും മരുന്നുകളും അത്യാവശ്യ സാധനങ്ങളുമായി അദ്ദേഹം എത്തി. സേവനവഴിയിൽ മനോജിന്റെ മനസ്സിനെ ഏറ്റവും കൂടുതൽ സ്പർശിച്ച അനുഭവം തെരുവിൽ അലഞ്ഞുനടന്ന നാല് പേരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നതായിരുന്നു. ഭക്ഷണവും വസ്ത്രവുമില്ലാതെ അവഗണനയിൽ കഴിഞ്ഞിരുന്ന മാനസിക വെല്ലുവിളി നേരിടുന്ന ആ നാലുപേരെയും സുരക്ഷിതമായ അഭയകേന്ദ്രങ്ങളിൽ എത്തിച്ച് പുതിയൊരു ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയത് തന്റെ സേവന ജീവിതത്തിലെ വലിയ പുണ്യമായി മനോജ് കരുതുന്നു. താൻ താമസിക്കുന്ന ഭൂമിയുടെ ഭാഗമാണ് പ്രത്യാശ പാലിയേറ്റീവ് ഓഫീസ് കെട്ടിടനിർമാണത്തിനായി അദ്ദേഹം വിട്ടുനൽകിയത്.



● പെയ്ൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനത്തിൽ മനോജ്.



● മനോജ് കുന്നോത്തും സഹധർമ്മിണി റീജ കണ്ടോത്ത് കുഴിയിലും.

രോഗികളുടെ കണ്ണീരൊപ്പുന്ന മനോജ്, അവരുടെ വേദനകൾ അടുത്തറിഞ്ഞാണ് ഈ തീരുമാനം എടുത്തത്. ബാലുശ്ശേരി പഞ്ചായത്തിലെ ഏഴാം വാർഡ് മെമ്പറായ ഭാര്യ റീജയുടെ പൂർണ്ണ പിന്തുണയാണ് മനോജിന്റെ സേവനയാത്രയുടെ കരുത്ത്. ജനപ്രതിനിധി എന്ന നിലയിലും പങ്കാളി എന്ന നിലയിലും ശ്രീജ എല്ലാ പ്രവർത്തനങ്ങളിലും സജീവമാണ്. ദാനം ചെയ്ത ഭൂമിയുടെ രേഖകൾ മാർച്ച് ഒന്നിന് ഗ്രീൻ അറീനയിൽ വെച്ച് നടക്കുന്ന ചടങ്ങിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മംഗളദാസ് ത്രിവേണിയുടെ സാന്നിധ്യത്തിൽ രേഖകൾ കൈമാറുന്ന ചടങ്ങിൽ ഈ മാതൃകാ ദമ്പതികളെ ആദരിക്കും. അശരണരുടെ കണ്ണുകളിലെ പ്രതീക്ഷയാണ് തന്റെ ഏറ്റവും വലിയ പുരസ്കാരമെന്ന് വിശ്വസിക്കുന്ന മനോജ് കുന്നോത്ത്, മനുഷ്യത്വത്തിന്റെ നിലാവായി ബാലുശ്ശേരിയുടെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുകയാണ്. സർവോദയം ട്രസ്റ്റിന്റെ സജീവ പ്രവർത്തകനായും അദ്ദേഹം ശ്രദ്ധേയനാണ്.

ജനാധിപത്യ സന്ദേശവുമായി വോട്ടുവണ്ടി ഹോളിക്രോസ് കോളജിൽ

കൊഴിക്കോട്: ജനാധിപത്യ ബോധം കലാപരമായ അവതരണങ്ങളിലൂടെയും മോക്പോളിലൂടെയും വിദ്യാർഥികളിലേക്ക് എത്തിച്ചുകൊണ്ട് ഹോളിക്രോസ് കോളജിൽ സംഘടിപ്പിച്ച വോട്ടുത്സവം ശ്രദ്ധേയമായി. ജില്ലാ ഭരണകൂടത്തിന്റെ സ്വീപ് വിഭാഗവും കോളേജിലെ ഇലക്ഷൻ ലിറ്ററസി ക്ലബ്ബിന്റെയും എൻ.എസ്.എസ് യൂണിറ്റിന്റെയും നേതൃത്വത്തിലായിരുന്നു പരിപാടി.

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ക്യാമ്പസുകളിൽ പര്യടനം നടത്തുന്ന വോട്ടിംഗ് വണ്ടിയുടെ വരവോടെയായിരുന്നു പരിപാടികൾക്ക് തുടക്കം. വിദ്യാർഥികൾ ചെയ്ത ഫെയ്സ് പെയിന്റിംഗും ജനാധിപത്യ സന്ദേശമരവുമായിരുന്നു. ഏറെ ശ്രദ്ധേയമായത് ജനാധിപത്യ സന്ദേശങ്ങൾ വിദ്യാർഥികൾ കലാത്മകമായി ആവിഷ്കരിച്ചു. നിറങ്ങളിലൂടെ ജനാധിപത്യ പ്രതിബദ്ധത പ്രകടിപ്പിച്ച ഫെയ്സ് പെയിന്റിംഗ് ശ്രദ്ധേയമായി. വിദ്യാർഥികൾ ഒരുക്കിയ ജനാധിപത്യ സന്ദേശമരം വേറിട്ട അനുഭവമായി.

വിദ്യാർഥികൾ സ്വന്തം കൈയ്യെഴുത്തിൽ ജനാധിപത്യത്തെക്കുറിച്ചുള്ള സന്ദേശങ്ങൾ കുറിച്ച് മരത്തിൽ അണിയിച്ചപ്പോൾ അത് പ്രതീകാത്മകമായ ജനാധിപത്യ സന്ദേശങ്ങളായി മാറി. ഓരോ സന്ദേശവും യുവതലമുറയുടെ സാമൂഹിക ബോധവും ഉത്തരവാദിത്തവും വിളിച്ചോതുന്നതായിരുന്നു.

● ജാനാധിപത്യ ബോധവത്കരണത്തിന്റെ ഭാഗമായി മോക്ക് പോൾ പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ ഷൈനി ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

ഫ്ലാഷ് മൊബ്, ഡെമോക്രസി വാൾ, സെൽഫി കോർണർ, സിഗ്നേച്ചർ ക്യാമ്പയിൻ, ബോധവത്കരണ ക്ലാസ്, മോക് പോൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടന്നു. വോട്ടിംഗ് മെഷീനുകളുടെ പ്രവർത്തനം, വിവിപാറ്റ് സംവിധാനത്തിന്റെ പ്രാധാന്യം, വോട്ടെടുപ്പിലെ ജാഗ്രതകൾ എന്നിവ വിദ്യാർഥികൾക്ക് വിശദീകരിച്ചു. ബാലറ്റ് യൂണിറ്റ്, കൺട്രോൾ യൂണിറ്റ്, വിവിപാറ്റ് എന്നിവയുടെ പ്രവർത്തനം നേരിട്ട് പരിചയപ്പെടുത്തുകയും ചെയ്തു.

കോളജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ഷൈനി ജോർജ് ഉദ്ഘാടനം ചെയ്തു. കച്ചേരി വില്ലേജ് ഓഫീസർ സാജൻലാൽ സി.കെ. മുഖ്യാതിഥിയായി. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ലിജോ ജോസഫ്, ആദിത് കൃഷ്ണ, ഇലക്ഷൻ ലിറ്ററസി ക്ലബ് കോർഡിനേറ്റർ കാർത്തിക് മനോജ്, അശ്വതി രാജ് എന്നിവർ സംസാരിച്ചു.

അജ്മൽ റോഷൻ, അബ്ദുൾ അസീസ്, അംജാസ്, ഹംനാസ് എന്നിവർ നേതൃത്വം നൽകി. കലയും സാമൂഹിക ബോധവത്കരണവും കൈകോർത്ത് സംഘടിപ്പിച്ച വോട്ടുത്സവം യുവജനങ്ങളിൽ ജനാധിപത്യ ജാഗ്രത വർധിപ്പിക്കുന്നതിൽ മാതൃകാപരമായി.

പേരാമ്പ്ര ബൈപാസിൽ ഓട്ടോ മറിഞ്ഞ് മൂന്നു പേർക്ക് പരുക്ക്

പേരാമ്പ്ര: പേരാമ്പ്ര ബൈപാസിൽ ഓട്ടോ നിയന്ത്രണം വിട്ട് താഴ്ചയിലേക്ക് മറിഞ്ഞ് മൂന്നുപേർക്ക് പരുക്ക്. കൈതക്കൽ സ്വദേശികളായ അർജുൻ (30), ഭാര്യ അഞ്ജിത (26), ആവള സ്വദേശി ജാനു എന്നിവർക്കാണ് പരുക്ക് പറ്റിയത്. ഇന്നലെ ഉച്ചയ്ക്ക് 1.30 ഓടെയാണ് അപകടം നടന്നത്. പേരാമ്പ്രയിൽ നിന്നും കക്കാട് ഭാഗത്തേക്ക് പോകുകയായിരുന്ന ഓട്ടോയാണ് അപകടത്തിൽപ്പെട്ടത്. നിയന്ത്രണം വിട്ട ഓട്ടോ പത്തടിയോളം താഴ്ചയിലേക്ക് മറിയുകയായിരുന്നു. പരുക്കേറ്റ മൂന്നു പേരെയും സഹകരണ ആശുപത്രിയിലെ പ്രാഥമിക ചികിത്സയ്ക്കുശേഷം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.



● പേരാമ്പ്ര ബൈപാസിൽ ഓട്ടോ താഴ്ച്ചയിലേക്ക് മറിഞ്ഞ നിലയിൽ.

ആയുഷ് ഹെൽത്തി കാമ്പയിൻ പഞ്ചായത്ത് തല ഉദ്ഘാടനം

പേരാമ്പ്ര: കേരള സർക്കാർ ആയുഷ് വകുപ്പിന്റെയും നാഷണൽ ആയുഷ് മിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ആയുഷ് ഹെൽത്തി കേരളഫീൽഡ് ക്യാമ്പയിൻ പേരാമ്പ്ര പഞ്ചായത്ത് തല ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതിക വിനോദ് ഉദ്ഘാടനം ചെയ്തു. നാസിത വി.കെ. അധ്യക്ഷത വഹിച്ചു. റവ. ഫാ. ജോസഫ് വയലിൽ സിഎംഐ, ധന്യ അനിൽകുമാർ, നഫീസ ഷബ്നം, എന്നിവർ സംസാരിച്ചു. ഡോ. മേരി പി. എഫ്. സ്വാഗതവും എസ്.എസ്. ആർദ്ര നന്ദിയും പറഞ്ഞു. പേരാമ്പ്ര സർക്കാർ ഹോമിയോ ഡിസ്പെൻസറി എ.പി.എച്ച്.സി ആയുർവേദ പേരാമ്പ്ര, മദർ തെരേസ കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, ഹെൽത്ത് ക്ലബ്ബ് എന്നിവരുടെ സഹകരണത്തോടെയാണ് ക്യാമ്പയിൻ നടന്നത്.

ജാഗ്രതാ റാലി ഇന്ന് കോഴിക്കോട്

കോഴിക്കോട്: ഇടത് വലത് ജിഹാദി കൂട്ടുകെട്ടിനെതിരെ സുരക്ഷിത കേരളത്തിനായി എന്ന മുദ്രാവാക്യം ഉയർത്തി ബി.ജെ.പി സംഘടിപ്പിക്കുന്ന ജാഗ്രതാ റാലി ഇന്ന് വൈകിട്ട് 4 മണിക്ക് കോഴിക്കോട് മുതലക്കുളത്ത് നടക്കുമെന്ന് ബിജെപി സംസ്ഥാന സെൽ കോർഡിനേറ്ററും ജാഗ്രത റാലിയുടെ ഇൻചാർജ്ജുമായ വി. കെ. സജീവൻ അറിയിച്ചു.

റാലി ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും.ഇടതും വലതും മുന്നണികൾ കേരളത്തെ മത രാഷ്ട്രീയത്തിന്റെ പരീക്ഷണശാല ആക്കുമ്പോൾ ഭീകരവാദം കേരളത്തിൽ വളരുകയാണെന്ന് സജീവൻ പറഞ്ഞു.

നിരോധിത ഭീകരവാദ സംഘടനകളും ആയി മന്ത്രിസഭയിൽ ഇരിക്കെ ഒരു അംഗം ബന്ധപ്പെട്ടുവെന്ന വാർത്ത ഞെട്ടിപ്പിക്കുന്നതാണ്. പോപ്പുലർ ഫ്രണ്ടിലെ നിരോധിച്ചിട്ടും രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിൽ നടക്കുന്ന സ്ഫോടനങ്ങളുടെ പേരിൽ കേരളത്തിൽ നിന്ന് പ്രതികളെ അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്നതും ഗുരുതരമായ വിഷയമാണ്.

ദേശീയതയും മതേതരത്വവും സമൂഹത്തെ ബാധിച്ച രോഗമാണെന്ന് ആണെന്ന് പ്രഖ്യാപിച്ച ജമാഅത്തെ ഇസ്ലാമിയുമായി കൂട്ടുകൂടുന്ന യുഡിഎഫും എസ്ഡിപിഐയെ വെള്ളപൂശുന്ന എൽഡിഎഫ് നിലപാടും

സുരക്ഷിത കേരളത്തിന് ഭീഷണിയാണ്. ഇത് തുറന്നു കാണിക്കാനാണ് ജാഗ്രത റാലി എന്നും സജീവൻ പറഞ്ഞു. റാലിയിൽ ഭീകരവിരുദ്ധ ജ്വാല തെളിയിക്കും. ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറിമാരായ എം. ടി. രമേശ്, എസ്. സുരേഷ്, സംസ്ഥാന വൈസ് പ്രസിഡന്റ് ഡോക്ടർ എം. അബ്ദുൽസലാം, ബി.ജെ.പി സിറ്റി ജില്ലാ അധ്യക്ഷൻ അഡ്വക്കേറ്റ് കെ. പി. പ്രകാശ് ബാബു, റൂറൽ ജില്ലാ പ്രസിഡന്റ് ഈ ദേവദാസ്, കോഴിക്കോട് നോർത്ത് ജില്ലാ പ്രസിഡണ്ട് സി ആർ പ്രഫുൽ കൃഷ്ണൻ എന്നിവർ പ്രസംഗിക്കും.

പോക്സോ കേസിൽ അധ്യാപകനെ വെറുതെ വിട്ടു

ബാലുശേരി: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോട് ബസിൽ ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച കേസിൽ പ്രതിയായ അധ്യാപകനെ കോടതി വെറുതെ വിട്ടു. ബാലുശ്ശേരി കിനാലൂർ സ്വദേശിയും ഹൈസ്കൂൾ അധ്യാപകനുമായ ഷാനവാസിനെയാണ് കൊയിലാണ്ടി പ്രത്യേക പോക്സോ കോടതി കുറ്റക്കാരനല്ലെന്ന് കണ്ടെത്തി വിട്ടയച്ചത്.

2023 നവംബറിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. ബസിൽ സഹയാത്രികനായിരുന്ന പ്രതി ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് പെൺകുട്ടി കണ്ടക്ടറെ വിവരം അറിയിക്കുകയും ബസ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് താമരശ്ശേരി പോലീസ് സ്റ്റേഷനിൽ എത്തിച്ച ബസിൽ നിന്നും പ്രതിയെ കസ്റ്റഡിയിൽ എടുത്ത് പെൺകുട്ടിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തു.

പ്രോസിക്യൂഷൻ എട്ട് സാക്ഷികളെ വിസ്തരിക്കുകയും 16 രേഖകൾ തെളിവായി കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഹാജരാക്കിയ തെളിവുകൾ പ്രതിക്കെതിരായ കുറ്റം സംശയാതീതമായി തെളിയിക്കാൻ മതിയായതല്ലെന്ന് കോടതി നിരീക്ഷിച്ചു. പ്രതിക്കായി അഡ്വ. കെ.പി. ഫിലിപ്പ് ഹാജരായി.

സ്കൂൾ കെട്ടിടത്തിലെ പാരപ്പെറ്റ് സിമന്റ് പാളികൾ അടർന്നുവീണ് അധ്യാപികക്ക് പരുക്ക്

മുക്കം: നഗരസഭയിലെ മുത്തേരി സ്കൂളിന്റെ മുകളിലെ പാരപ്പെറ്റിലെ സിമന്റ് പാളികൾ അടർന്ന് വീണ് അധ്യാപികക്ക് പരുക്കേറ്റു.

മുത്തേരി സ്വദേശിനിയായ വിദ്യയുടെ തലയ്ക്കാണ് പരുക്കേറ്റത്. അപകടത്തിൽ അധ്യാപികയുടെ തലക്ക് മൂന്ന് തുന്നലിട്ടുണ്ട്. ആശുപത്രി ചികിത്സക്ക് ശേഷം വീട്ടിൽ വിശ്രമത്തിലാണ് വിദ്യ. ഉച്ചഭക്ഷണം കഴിഞ്ഞ് പുറത്തിറങ്ങിയ സമയത്താണ് സിമന്റ് പാളികൾ അടർന്ന് വീണത്. അപകട സംഭവം ഉപജില്ല വിദ്യാഭ്യാസ ഓഫീസറെയും മുക്കം നഗരസഭ അധികൃതരെയും വിവരം അറിയിച്ചതായി പ്രധാനധ്യാപിക പറഞ്ഞു. അപകട നടന്ന ഭാഗത്ത് ആളുകളും വിദ്യാർഥികളും കടന്ന് പോകാതിരിക്കാൻ ബെഞ്ചും, ഫർണിച്ചറും വെച്ച് ബാരിക്കേഡ് തീർത്തിരിക്കയാണ്. അവധി ദിവസമായ ശനി, ഞായർ ദിവസങ്ങളിൽ കെട്ടിടത്തിലെ അപകട സാഹചര്യം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അധികൃതർ അറിയിച്ചു. സംഭവത്തെ തുടർന്ന് അപകടം നടന്ന സ്കൂളും കെട്ടിടവും കോൺഗ്രസ് മുക്കം മണ്ഡലം കമ്മറ്റി ഭാരവാഹികൾ സന്ദർശിച്ചു. കെട്ടിടത്തിൽ ഇനിയും കോൺക്രീറ്റ് പാളികൾ അടർന്ന് വീഴാൻ സാധ്യതയുണ്ടെന്നും ചെറിയ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ വലിയദുരന്തം ഉണ്ടാവും മുൻപ് നഗരസഭാബധികൃതർ പ്രശ്നത്തിന് പരിഹാരം കാണണമെന്നും സന്ദർശനം നടത്തിയായതിന് ശേഷം മുക്കം കോൺഗ്രസ് മണ്ഡലം കമ്മറ്റി പ്രസിഡന്റ് നിഷാബ് മുല്ലോളി പറഞ്ഞു.

രണ്ട് ദിവസത്തിനകം നഗരസഭാ അതികൃതർ അപകട ഭീഷണിയുയർത്തുന്ന കെട്ടിട ഭാഗം മാറ്റി ബദൽ സംവിധാനം ഒരുക്കുമെന്ന് ഉറപ്പ് നൽകിയിരിക്കയാണ്. അല്ലാത്ത പക്ഷം നാട്ടുകാരെ പങ്കെടുപ്പിച്ച് പ്രതിഷേധ പരിപാടികളുമായി മുന്നോട്ട് പോവുമെന്നും നേതാക്കൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് നിഷാബ് മുല്ലോളിയോടൊപ്പം യൂത്ത്കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ലെറിൻ റാഹത്ത്, ബുത്ത് പ്രസിഡന്റ് വിനോദ് ചെറൂത്ത്വിശ്വനാഥൻ, ചാത്തുകുട്ടി, ബൈജു, ശശി പുത്കൂത്ത്, മൻസൂർ പഞ്ചാബ് എന്നിവരും സംബന്ധിച്ചു.

● മുത്തേരി സ്കൂൾ കോൺക്രീറ്റ് പാളികൾ അടന്ന് വീണത് മുക്കം മണ്ഡല കോൺഗ്രസ് പ്രവർത്തകർ സന്ദർശിക്കുന്നു.

യൂണിയൻ ബാങ്ക് Union Bank of India — യൂണിയൻ ബാങ്ക് ഓഫ് വെള്ളിമാടുകുന്ന് ബ്രാഞ്ച്: 13/1126, ഗ്രൗണ്ട് ഫ്ളോർ, ജെ.ഡി.ടി. ഇസ്ലാം ഓർഫനേജ് കമ്മിറ്റി ഓഫീസ്, വെള്ളിമാടുകുന്ന്, കോഴിക്കോട്, കേരളം - 673012. ഫോൺ: 0495-2732011

വസ്തു കൈവശമെടുക്കൽ നോട്ടീസ് [റൂൾ – 8 (1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 (2002ൽ 54) പ്രകാരം യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, **വെള്ളിമാടുകുന്ന്** ബ്രാഞ്ചിന്റെ അധികാരപ്പെട്ട ഓഫീസർ എന്ന നിലയിൽ ടി നിയമത്തിന്റെ 13(12) വകുപ്പ് പ്രകാരവും, സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് ചട്ടം, 2002ന്റെ ചട്ടം 3 പ്രകാരവും സിദ്ധിച്ച അധികാരപ്രകാരം വായ്പക്കാർ/ജാമ്യക്കാരായ **ശ്രീ. അരവിന്ദൻ ആർ.** എന്നിവർക്ക് **24.10.2025**ന് നോട്ടീസ് അയക്കുകയും (നം. SAR30742612846958119632526) ടി നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം നോട്ടീസ് പ്രകാരം ബാങ്കിന് ഈടാക്കുവാനുള്ള തുകയായ **28,76,354.85 രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി മുന്നൂറ്റി അമ്പത്തിനാല് രൂപ എൺപത്തിയഞ്ച് പൈസ മാത്രം)** കൂടാതെ പലിശ സഹിതം ബാങ്കിലേക്ക് അടയ്ക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ വായ്പക്കാർ ടി തുക തിരിച്ചടയ്ക്കുന്നതിനു വീഴ്ച വരുത്തിയിട്ടുള്ളതിനാൽ താഴെ വിവരിക്കുന്ന വസ്തുവഹകൾ ടി നിയമത്തിന്റെ 13 (4) വകുപ്പും ടി ചട്ടത്തിന്റെ ചട്ടം 8 പ്രകാരവും ബാങ്ക് അധികാരപ്പെടുത്തിയ ഓഫീസർ **2026 ഫെബ്രുവരി 25ന്** കൈവശമെടുത്തിരിക്കുന്നതായും മേൽപറഞ്ഞവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. താഴെ പറയുന്ന വസ്തുവഹകളിൻമേൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്നും, ഏതെങ്കിലും വിധം ഇടപാടുകൾ നടത്തുകയാകയാൽ അതു യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, വെള്ളിമാടുകുന്ന് ബ്രാഞ്ചിന് ഈടാക്കുവാനുള്ള തുകയായ **28,76,354.85 രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി മുന്നൂറ്റി അമ്പത്തിനാല് രൂപ എൺപത്തിയഞ്ച് പൈസ മാത്രം)** കൂടാതെ പലിശയ്ക്കും വിധേയമായിരിക്കുമെന്നുള്ള വിവരം മേൽപറഞ്ഞവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു. കൂടാതെ പണയവസ്തു വീണ്ടെടുക്കുവാനുള്ള സമയപരിധിയെപ്പറ്റിയുള്ള നിയമത്തിലെ 13–ാം വകുപ്പിലെ 8–ാം ഉപവകുപ്പിനെപ്പറ്റി വായ്പക്കാരനെ ഓർമ്മപ്പെടുത്തുന്നു.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

കോഴിക്കോട് ജില്ലയിലെ കക്കോടി വില്ലേജിലെ പഴയ സർവേ നമ്പർ 22/86, റീസർവ്വെ നമ്പർ 22/1 (പുതിയ സർവ്വെ നമ്പർ 22/114, 22/115)ലെ ശ്രീ അരവിന്ദൻ ആർ ന്റെ പേരിലുള്ള രണ്ട് നില ബിൽഡിംഗ് അടക്കം പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ 7 സെന്റ് (1.647+1.1867=2.833 ആർസ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: തോട്, തെക്ക്: ശ്രീ പ്രതാപന്റെ സ്ഥലം, കിഴക്ക്: ശ്രീമതി ദേവിയുടെ സ്ഥലം, പടിഞ്ഞാറ്: ശ്രീ വിശ്വനാഥന്റെ സ്ഥലം.

വെള്ളിമാടുകുന്ന് 25.02.2026 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

बैंक ऑफ़ बड़ौदा Bank of Baroda — വടകര ശാഖ ഗവൺമെന്റ് ഹോസ്പിറ്റൽ റോഡ്, നട്ട് സ്ട്രീറ്റ്, വടകര, PH:0496-2522550, Email: vadaka@bankofbaroda.com

ജംഗമ വസ്തുക്കളെ സംബന്ധിച്ച ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 6 (2) പ്രകാരമുള്ള ജംഗമ വസ്തുക്കളുടെ ഇ – ലേല വിൽപ്പന നോട്ടീസ്

വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷമായി കൈവശമെടുത്തിട്ടുള്ള ജംഗമ വസ്തുക്കൾ "As is where is", "As is what is" & "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ – ലേല തീയതിയും സമയവും/നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: ശ്രീ. ജംഷീർ. പി. എം S/o. മജീദ്, പുതിയോട്ടിൽ മീത്തൽ ഉള്ളേരി, കോഴിക്കോട് - 673620

കുടിശ്ശിക തുക: 24.02.2026 ലെ രൂപ **6,62,018.71** (ആറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി പതിനെട്ട് രൂപ എഴുപത്തി ഒന്ന് പൈസ മാത്രം) യും പലിശയും മറ്റ് ചെലവുകളും.

വാഹനത്തിന്റെ വിശദവിവരണം: നിർമ്മിതി : **i20 Sportz, Hyundai Motor India Ltd.** രജിസ്ട്രേഷൻ നം.**KL56X3352**; രജിസ്ട്രേഷൻ തീയതി: **05-08-2022**; ചേസിസ് നം.**MALBH512LNM150385;** അറിവിലുള്ള ബാധ്യത : ഇല്ല

കരുതൽ വില: രൂപ **5,62,500/- (GST ഒഴികെ)**	നിരതദ്രവ്യം: രൂപ **56,250/-**
ലേല വർധന തുക: രൂപ **5,000/-**	കൈവശമെടുത്ത രീതി: പ്രത്യക്ഷമായി

ഇ – ലേല തീയതിയും സമയവും : **18-03-2026,** ഉച്ചയ്ക്ക് 02.00 മുതൽ വൈകിട്ട് 06.00 വരെ (10 മിനിറ്റ് വീതം ക്ലിപ്തപ്പെടുത്താത്ത ദൈർഘ്യത്തോടു കൂടി)

വസ്തു പരിശോധന തീയതിയും സമയവും : **17-03-2026** രാവിലെ **10:00** മണി മുതൽ വൈകിട്ട് **5:00** മണി വരെ

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ വെബ്സൈറ്റായ **https://www.bankofbaroda.in/e-auction.htm** & ഓൺലൈൻ ലേല വിൽപ്പന പോർട്ടലായ **https://baanknet.com.** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി ലേലാർത്ഥികൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ **Mob No: 8714606435** നമ്പറിൽ ബന്ധപ്പെടുക.

സ്ഥലം : വടകര
തീയതി : **24-02-2026**

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ/ചീഫ് മാനേജർ, ബാങ്ക് ഓഫ് ബറോഡ

बैंक ऑफ़ बड़ौदा Bank of Baroda — **ബാങ്ക് ഓഫ് ബറോഡ**, ചാലപ്പുറം ശാഖ, ഗ്രൗണ്ട് ഫ്ളോർ, കേസരി ഭവൻ, മാധവൻ നായർ റോഡ്, കോഴിക്കോട് 673002, CONTACT: 8714606424, 0495 2302329

സ്ഥാവര വസ്തുക്കളെ സംബന്ധിച്ച ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 – ലെ സെക്യൂരി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 – ലെ റൂൾ 6(2) & 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ – ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി **ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ** കൈവശമെടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ **"As is where is", "As is what is", and "Whatever there is"** എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചു കൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാർ/പണയക്കാർ ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/നിരതദ്രവ്യം/ലേല വർദ്ധന തുക/ഇ – ലേല തീയതിയും സമയവും എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും : 1) M/s ഫ്യൂച്ചർ വിഷൻ ട്രേഡർ, 11/364 A വെള്ളിപ്രം, രാമനാട്ടുകര, കോഴിക്കോട്- 673633. **2) ശ്രീ. അസ്‌ലം കെ.എൻ.** (പാർട്ണർ, പണയക്കാരൻ, ജാമ്യക്കാരൻ), S/o അബ്ദുൾ കലാം, ഫ്ളാറ്റ് നമ്പർ S5, ഓഫ്ഷോർ അപ്പാർട്ട്മെന്റ്, സീ ക്വീൻ ഹോട്ടലിന് സമീപം, കോഴിക്കോട്- 673001. **3) ശ്രീ. അസീൽ കെ.എൻ.** (പാർട്ണർ, ജാമ്യക്കാരൻ), S/o അബ്ദുൾ കലാം, ഫ്ളാറ്റ് നമ്പർ **S5, ഓഫ്ഷോർ അപ്പാർട്ട്മെന്റ്, സീ ക്വീൻ ഹോട്ടലിന് സമീപം,** കോഴിക്കോട്- 673001.

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം ബാധ്യത വല്ലതും ഉണ്ടെങ്കിൽ അത് ഉൾപ്പെടെ: കേരളത്തിലെ പാലക്കാട് ജില്ലയിൽ, പുത്തൂർ താലൂക്കിൽ, പുത്തൂർ അംശം ദേശത്ത് സ്ഥിതിചെയ്യുന്ന, റീ- സർവ്വേ നമ്പർ 483/19 (പഴയ സർവ്വേ നമ്പർ 103/1- 6) - ൽ പെട്ട 3.74 ആർസ് സ്ഥലവും മറ്റു ചമയങ്ങളും. **വടക്ക്:** ഉണ്ണികൃഷ്ണന്റെ വക വസ്തു, **തെക്ക്:** 3 മീറ്റർ വീതിയുള്ള വഴിയും, ജയപ്രകാശൻ, വേണു എന്നിവർക്ക് അവകാശപ്പെട്ട വക വസ്തുവും, **കിഴക്ക്:** ഉണ്ണികൃഷ്ണന്റെ വക വസ്തു, **പടിഞ്ഞാറ്:** വേണുവിന്റെ കുടിയിരിപ്പും, ജയപ്രകാശൻ, വേണു എന്നിവരുടെ വക വസ്തുവും.

കുടിശ്ശിക തുക : 1,10,91,116.41 രൂപ (ഒരു കോടി പത്തു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി ഒരുനൂറ്റി പതിനാറ് രൂപ നാല്പത്തിയൊന്ന് പൈസ) യും 25.02.2026 മുതൽ ബാധകമല്ലാത്ത പലിശയും, ചാർജ്ജുകളും, മറ്റ് നിരക്കുകളും

ഇ ലേലത്തിന്റെ സമയവും തീയതിയും :16.03.2026 2.00 PM മുതൽ 6.00 PM വരെ

കരുതൽ വില, നിരതദ്രവ്യം, ലേല വർദ്ധന തുക : കരുതൽ വില : **11,64,000/– രൂപ , (പതിനൊന്ന് ലക്ഷത്തി അറുപത്തിനാലായിരം രൂപ)** നിരത ദ്രവ്യം :**1,16,400/– രൂപ (ഒരു ലക്ഷത്തി പതിനാറായിരത്തി നാനൂറ് രൂപ)** ലേല വർദ്ധന തുക : **10,000/– രൂപ (പതിനായിരം രൂപ)**

കൈവശമെടുത്ത രീതി : ഭൗതികമായ കൈവശം

വസ്തു പരിശോധന തീയതിയും സമയവും : 13.02.2026, 3 PM

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ വെബ്സൈറ്റായ **https://www.bankofbaroda.in/e-auction** & ഇ – ലേല പോർട്ടലിന്റെ **Baanknet.com** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. താൽപര്യമുള്ള ലേലാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥനെ, **ഫോൺ: 0495-2302329, മൊബൈൽ: 8714606424** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

സ്ഥലം : കോഴിക്കോട്
തീയ്യതി : 26.02.2026

(ഒപ്പ്/–) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ബാങ്ക് ഓഫ് ബറോഡ